...ATCHED
On..11/06/2020

17/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 3027*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 18765/*എസ്.ഐ.സി–ജി 6/2014*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. പി.കെ.അച്ചുതൻ നമ്പ്യാർ,
സതീഷ് വിഹാർ, വെള്ളൂർ പി.ഒ,
പയ്യന്നൂർ വഴി, കണ്ണൂർ.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
താലൂക്ക് ഓഫീസ്,
തളിപ്പറമ്പ.**

2. **അപ്പീൽ അധികാരി,
താലൂക്ക് ഓഫീസ്,
തളിപ്പറമ്പ.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.07.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.08.2014 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 12.08.2014 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 16.10.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.11.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01.12.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ പി.കെ.അച്ചുതൻ നമ്പ്യാർ, 27.11.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ടി ഒന്നാം അപ്പീലിന്മേലും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 21.07.2014 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ജി.ചൈത്ര എന്നവരുടെ ഭർത്താവ് എം.സി.സതീഷ് ചന്ദ്രൻ എന്നവർ മരണപ്പെട്ടതിന്റെ ലീഗൽ ഹെയർ സർട്ടിഫിക്കറ്റിനായി വെള്ളൂർ വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ച തീയതി ഏതാണ് എന്നതുമായി ബന്ധപ്പെട്ട് 7 വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 06.01.2015 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരം സംബന്ധിച്ച ഫയൽ നേരിട്ട് പരിശോധിച്ച് ആവശ്യമായ റിക്കാർഡുകളുടെ പകർപ്പ് ഓഫീസ് സമയത്ത് എടുക്കാവുന്നതാണെന്ന് ടിയാനെ അറിയിക്കുകയും തുടർന്ന് അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ് വിചാരണ വേളയിൽ ആവശ്യപ്പെട്ടതിനാൽ ടി പകർപ്പും ടിയാന് നൽകുകയും ചെയ്തിട്ടുള്ളതാണ്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള പല വിവരങ്ങളും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്നും ആയത് ഓഫീസ് നടപടി ക്രമത്തിന്റെ ഭാഗമാണെന്നും എന്നിരുന്നാലും ടിയാന്റെ ആവശ്യം പരിഗണിച്ച് എല്ലാ വില്ലേജ് ഓഫീസർമാരോടും ലീഗൽ ഹയർ സർട്ടിഫിക്കറ്റിന്റെ അപേക്ഷ സമർപ്പിക്കുവാനും വ്യക്തമായ വിലാസം സഹിതം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുവാനും ബന്ധപ്പെട്ട നിർദ്ദേശം നൽകിയതെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 21.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടതിൽ നൽകാൻ

കഴിയുന്ന എല്ലാ വിവരവും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**